DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

1/10/2020

# കാർഷികമേഖലാവാർത്തകൾ

## 1.മൃഗസംരക്ഷണ ക്ഷീരമേഖലയിലെവിവിധ പദ്ധതികളുടെ സംസ്ഥാനതലഉദ്ഘാടനം

സാഫല്യം 2020- ക്ഷിരവികസന -മൃഗപരിപാലന മേഖലയിലെ വിവിധ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് 3 മണിക്ക് തിരുവനന്തപുരം പേരൂർക്കട വെറ്ററിനറി കൗൺസിൽ ഹാളിൽ വനം-മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. വട്ടിയൂർക്കാവ് എം.എൽ.എവി.കെ പ്രശാന്ത് മുഖ്യഅതിഥി ആയിരിക്കും. മൃഗസംരക്ഷണ ക്ഷിരവികസന - മൃഗപരിപാലന മേഖലയിലെ വിപുലമായ 6 പദ്ധതികൾക്കാണ് തുടക്കം കുറിക്കുന്നത്. 150 വ്യാവസായിക ആടുവളർത്തൽ യൂണിറ്റ്, ആയിരം ചെറുകിട ആടുവളർത്തൽ യൂണിറ്റ്, 800 ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, 500 കേന്ദ്രങ്ങളിൽ ആടുകൾക്ക്കൃത്രിമബീജദാനം, 25 ക്ഷീരഗ്രാമം,15കെപ്കോ കേരളചിക്കൻ ഔട്ട്ലെറ്റ് എന്നിവ ഇതോടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## അഴൂർ ക്ഷീരഗ്രാമം പദ്ധതി ഉദ്ഘാടനം

സാഫല്യം 2020- മൃഗസംരക്ഷണ - ക്ഷിരമേഖലയിലെ വിവിധ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനത്തിനുശേഷം ക്ഷീരഗ്രാമമായി

തെരെഞ്ഞെടുക്കപ്പെട്ട അഴൂർ ഗ്രാമപഞ്ചായത്തിലെ പ്രാദേശിക ഉദ്ഘാടനം പെരുങ്ങുഴി അഴൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഒക്ടോബർ 1-ന് 3 മണിക്ക് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിക്കും. യോഗത്തിൽ അടൂർ പ്രകാശ് എം.പി. അദ്ധ്യക്ഷത വഹിക്കും. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരസംഘം പ്രസിഡന്റ് എന്നിവർ ചടങ്ങിൽ പങ്കെടുക്കുന്നതാണ്.

**കുറ്റൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ അപേക്ഷ ക്ഷണിക്കുന്നു**

പത്തനംതിട്ട ജില്ലയിൽ കുറ്റൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. കിഴങ്ങുവർഗ്ഗവിളകളുടെ വിത്തുവിതരണം, പച്ചക്കറി കൃഷി, വാഴവിത്ത് ജൈവവള വിതരണം എന്നീ പദ്ധതികൾക്ക് വനിതകൾ മാത്രം അപേക്ഷിച്ചാൽ മതിയാകും. രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റ പകരം തൈ വിതരണം, കുറ്റികുരുമുളക് കൃഷി, ഫലവൃക്ഷതൈ വിതരണം എന്നിവയാണ് മറ്റു പദ്ധതികൾ. അപേക്ഷയോടൊപ്പം ഖരമാലിന്യ രസീത് പകർപ്പ്, റേഷൻകാർഡ് പകർപ്പ്, ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ്ബുക്ക് പകർപ്പ്, എന്നിവ നൽകേണ്ടതാണ് താഴെപ്പറയുന്ന ദിവസങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ് ഇന്ന് (01.10.2020) വാർഡ് 3, 4 ലും 5-ാം തീയതി 5,6 വാർഡുകളിലും 6-ാം തീയതി 7,8 വാർഡുകളിലും 7-ാം തീയതി 9,10 വാർഡുകളിലും 8-ാം തീയതി 11,12 വാർഡുകളിലും 9-ാം തീയതി 13,14 വാർഡുകളിലും അപേക്ഷ സ്വീകരിക്കുന്നതാണ്.

## കീടനാശിനി അവശിഷ്ട വിഷാംശം എങ്ങനെ നിയന്ത്രിക്കാം

കീടനാശിനി പ്രയോഗം ഒരു നിശ്ചിത സമയത്തിനുശേഷം ചെടികലോ, **കായ്കളിലോ, മണ്ണിലോ** ,ചുറ്റുപാടുകളിലോ തങ്ങിനിൽക്കുന്ന കീടനാശിനിയേയും അവവിഘടിച്ചു ഉണ്ടാകുന്ന രാസവസ്തുക്കളേയും ചേർത്താണ് കീടനാശിനി അവശിഷ്ട വിഷാംശം എന്നുപറയുന്നത്. കീടനാശിനി അവശിഷ്ട വിശാംശം കുറയ്ക്കാനുള്ള ശ്രമങ്ങൾ നടക്കേണ്ടത് രണ്ടുതലങ്ങളിലാണ് വിളവെടുപ്പിനു മുൻപ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിളവെടുപ്പിനു ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിളവെടുപ്പിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.- ശുപാർശ ചെയ്യപ്പെട്ട ശരിയായ കീടനാശിനികൾ കൃത്യ അളവിലും യഥാസമയത്തും ശുപാർശ ചെയ്തിട്ടുള്ള അളവിലും മാത്രം ഉപയോഗിക്കുക ചെടികളിൽ പ്രത്യേകിച്ച് പച്ചക്കറികളിൽ കായ് രൂപപ്പെട്ടതിനു ശേഷം കഴിവതും കീടനാശിനി പ്രയോഗം ഒഴിവാക്കുക .ചെടികളിൽ കീടബാധ ഉണ്ടാകുന്ന ഭാഗങ്ങളില് കായ്കൾ ഇളം തണ്ടുകൾ ലക്ഷ്യമാക്കി ആവശ്യത്തിനുമാത്രം കീടനാശിനി തളിക്കുക. കീടനാശിനി പ്രയോഗത്തിനും വിളവെടുപ്പിനും ഇടയ്ക്ക് നിശ്ചിത ഇടവേളകൾ നൽകുക. അധികകാലം വിളകളിൽ തങ്ങിനിൽക്കുന്ന കീടനാശിനികൾ കഴിവതും ഒഴിവാക്കി വേഗത്തിൽ വിഘടിച്ചു പോകുന്ന പുത്തൻതലമുറ കീടനാശിനികൾ ഉപയോഗിക്കുക. ചെടികളിലെ കീടബാധ ആരംഭ ദശയിൽത്തന്നെ കണ്ടെത്താൻ കഴിഞ്ഞാൽ രാസ നിയന്ത്രണത്തിന് പകരം ജൈവീക നിയന്ത്രണമാർഗങ്ങൾ അവലംബിക്കാവുന്നതാണ്. വേപ്പ് അധിഷ്ഠിത കീടനാശിനികളുടെ ഉപയോഗം വർദ്ധിപ്പിക്കുക

## 4.പച്ചക്കറി തറവില പദ്ധതിയിൽ അംഗമാകുവാൻ

പച്ചക്കറി തറവില പദ്ധതിയിൽ അംഗമാകുവാൻ കർഷകർ വിതയ്ക്കുന്ന സീസണിനു മുമ്പായി കൃഷിവകുപ്പ് അംഗീകരിച്ച

ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം www.aims.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ പരിശോധിച്ച് കൃഷി ഓഫീസിൽ നിന്നും രജിസ്ട്രേഷന് അംഗീകാരം നൽകും. കാർഷിക ഇൻഷുറൻസ് എടുത്തവരെ മാത്രമാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്.

**6.കേരശ്രീ സങ്കരയിനം തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക്**

**കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കൊട്ടരക്കര സദാനന്ദപുരത്ത് പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ കേരശ്രീ സങ്കരയിനം തെങ്ങിൻ തൈകൾ** 250 **രൂപ നിരക്കിൽ വിൽപ്പനയ്ക്കായി തയ്യാറാണ്**. **സ്റ്റോക്ക് പരിമിതമാണ്**. **ആവശ്യമുള്ളവർ** 0474 2663599 എന്ന **ഫോൺ നബറിൽ ബന്ധപ്പെടേണ്ടതാണ് .**